**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2177** **11-10-2021 - ൽ മറുപടിയ്ക്ക്**

**എൻ.എഫ്.എസ്.എ ഡിപ്പോകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ** | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തോട്ടംതൊഴിലാളികൾക്ക് മുൻഗണനാ റേഷൻ കാർഡ് നൽകുവാൻ നടപടി സ്വീകരിക്കാമോ ; | (എ) | മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള നിലവിലെ മാനദണ്ഡം സംബന്ധിച്ച 18.09.2017 ലെ സ.ഉ(സാധാ)നം. 320/2017/ഭ.പൊ.വി.വ പ്രകാരം പരമ്പരാഗത/ അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്ലേശ ഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ തോട്ടം തൊഴിലാളികൾക്ക് 10 മാർക്ക് വെയിറ്റേജ് ആയി നൽകി വരുന്നുണ്ട്. |
| (ബി) | നിലവിൽ സപ്ലൈകോയുടെ കീഴിൽ പ്രവർത്തിക്കുന്ന എൻ.എഫ്.എസ്.എ ഡിപ്പോകൾ വകുപ്പേറ്റെടുത്ത് നടത്തുന്നതിന് പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ ; | (ബി) | വാതിൽപ്പടി വിതരണം വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് പൊതുവിതരണ ഡയറക്ടറുടെ അധ്യക്ഷതയിൽ സബ്കമ്മിറ്റി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എൻ.എഫ്.എസ്.എ ഡിപ്പോകൾക്ക് വകുപ്പ് തലത്തിൽ സ്ഥലം കണ്ടെത്തി ഗോഡൗണുകൾ പണിയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | 2022-27 പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ താലൂക്കിലും വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ